മാരിടൈം അക്കാഡമി

* 19 [831] ശ്രീ. തന്വാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മാരിടൈം അക്കാഡമി സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ അക്കാഡമിയിൽനിന്നും ഏതൊക്കെ രീതിയിലുള്ള പരിശീലന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല, എന്നാൽ തിരുവനന്തപുരത്ത് വലിയതുറ എന്ന സ്ഥലത്ത് തുറമുഖ പരിസരത്ത് ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി, സി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലേയും വിദേശരാജ്യങ്ങളിലേയും കപ്പലുകൾ, മർച്ചന്റ്സ് നേവി കപ്പലുകൾ, തുറമുഖത്ത് ഉപയോഗിക്കുന്ന ജലവാഹനങ്ങൾ, ഉൾനാടൻ ഗതാഗത ബോട്ടുകൾ മുതലായവയിലും കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവിടങ്ങളിലും, ജോലി ലഭിക്കുന്നതിന് സഹായകമായ പരിശീലനം നൽകുകയെന്നതാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ഡി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഷിപ്പിംഗ് ഡയറക്ടർ ജനറലിന്റെ അംഗീകാരമുള്ള കോഴ്സുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 60 കുട്ടികൾക്ക് 4 മാസം വീതം ദൈർഘ്യമുള്ള സീമെൻ ട്രെയിനിംഗ് കോഴ്സും അനുബന്ധമായിട്ടുള്ള ഷോർട്ട് ടേം മോഡുലർ കോഴ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു.

സാമൂഹ്യബാദ്ധ്യതകൾമൂലമുള്ള കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം

* 20 [832] ശ്രീ. സാജു പോൾ:
„ കോടിയേരി ബാലകൃഷ്ണൻ:
„ പിരപ്പൻകോട് മുരളി:
„ വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തീരുമാനം അനുസരിച്ചുള്ള സാമൂഹ്യ ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതുമൂലം കെ. എസ്. ആർ. ടി. സി.-യ്ക്ക് ഉണ്ടാകുന്ന നഷ്ടം സർക്കാർ വകവെച്ച് കൊടുക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly